**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1882** **12-09-2023 - ൽ മറുപടിയ്ക്ക്**

**എറണാകുളം മഹാരാജാസ് കോളേജിൽ പരീക്ഷയെഴുതാതെ പാസായ സംഭവം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം മഹാരാജാസ് കോളേജിൽ പരീക്ഷയെഴുതാത്ത വിദ്യാർത്ഥി സംഘടനാ നേതാവ് പരീക്ഷ പാസായതായി കോളേജിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വിഷയത്തിൽ വകുപ്പ് തല അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | വകുപ്പ് തല അന്വേഷണത്തിന് എറണാകുളം ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കോളേജിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച മാർക്ക് ലിസ്റ്റിൽ മാർക്കുകളുടെ സ്ഥാനത്ത് പൂജ്യം എന്ന് രേഖപ്പെടുത്തിയിട്ടും സെമസ്റ്റർ റിസൾട്ട് കോളത്തിൽ ജയിച്ചു എന്ന് രേഖപ്പെടുത്തിയതിന്റെ കാരണം വിശദമാക്കാമോ; | (ബി) | മാർക്ക് ലിസ്റ്റിൽ അല്ല, Password protection ഉള്ള semester wise മാർക്ക് സ്റ്റേറ്റ്മെന്റിലാണ് പൂജ്യം എന്നും ജയിച്ചു എന്നും തെറ്റായി രേഖപ്പെടുത്തി വന്നിട്ടുള്ളത്. എൻ.ഐ.സി സോഫ്റ്റ് വെയറിലെ പിഴവു മൂലമാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളത് എന്ന് മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | റിസൾട്ട് പ്രസിദ്ധീകരിച്ച വെബ്സൈറ്റ് ഏതു സോഫ്റ്റ്‌വെയർ പ്രകാരമാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | എൻ.ഐ.സി തയ്യാറാക്കിയ MH Suite Software പ്രകാരമാണ് പ്രവർത്തിക്കുന്നത്. |
| (ഡി) | കോളേജ് വെബ്സൈറ്റിൽ റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് കോളേജ് അധികാരികൾ റിസൾട്ട് പരിശോധിച്ച് ഉറപ്പുവരുത്തണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. പരീക്ഷാ കൺട്രോളർ ഓഫീസിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് പരീക്ഷാ കൺട്രോളറുടെ ഒപ്പോടു കൂടിയാണ് റിസൾട്ട് പ്രസിദ്ധീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ